"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ്-ശ്രീമതി.എം.രശ്മിണിയ്ക്ക് അപേക്ഷയിലെ കാലതാമസം മാപ്പാക്കി 'ആശ' പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.196/2024/ID തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:-

1. ശ്രീമതി.എം.രശ്മിണി സമർപ്പിച്ച 10.08.2021 തീയതിയിലെ അപേക്ഷ
2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 26.10.2021 തീയതിയിലെ DIC/2894/2021-HC-H നമ്പർ കത്ത്
3. G.O.(Ms) No.81/2023/ID Dated: 10.11.2023
4. പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 30.01.2024 തീയതിയിലെ DICPKD/297/2021-DP1 നമ്പർ കത്ത്

<u>ഉത്തരവ്</u>

ശ്രീമതി.എം.രശ്മിണി മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി മണ്ണ് അരയ്ക്കുന്ന മെഷിൻ, വീൽ എന്നിവ വാങ്ങുന്നതിനായി വിജയ ബാങ്ക് വഴി ലോൺ എടുക്കുകയും യൂണിറ്റ് ആരംഭിച്ച് ഉല്പാദനം ആരംഭിക്കുയും ടി യൂണിറ്റിന് 'ആശ' പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് 09.10.2020 തീയതിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ആശ പദ്ധതിയുടെ മാർഗരേഖ ഖണ്ഡിക 2 (എ) പ്രകാരം, ഉല്പാദനം ആരംഭിച്ച് 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ ഉല്പാദനം തുടങ്ങി 6 മാസങ്ങൾക്ക് ശേഷം സമർപ്പിച്ച പ്രസ്തുത അപേക്ഷ നിരസിച്ചു. കിഡ്നി സംബന്ധമായ അസുഖത്തിന് ചികിത്സയിൽ ആയിരുന്നതിനാലാണ് അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായത് എന്ന് കാണിച്ചു കൊണ്ട് ചികിത്സ സംബന്ധമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം ഒഴിവാക്കി നൽകുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2.ആശ പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളിൽ പരാമർശം (3) ഉത്തരവു പ്രകാരം ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ കാലതാമസം നേരിട്ട അപേക്ഷകൾക്ക്, പ്രശ്നത്തിന്റെ മെറിറ്റ് വിലയിരുത്തി കേസ് അനുസരിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈകൊള്ളാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ കാലതാമസം മാപ്പാക്കുന്ന പക്ഷം സംരംഭകയെ സാമ്പത്തിക ആനുകൂല്യത്തിന് പരിഗണിക്കാവുന്നതാണെന്ന് പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പരാമർശം (4 ) പ്രകാരം അറിയിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനെ അടിസ്ഥാനത്തിൽ,

ശ്രീമതി.എം.രുഗ്മിണി വൃക്കസംബന്ധമായ അസുഖത്തിന് ചികിത്സയിലായിരുന്നതുമൂലം ടിയാളുടെ യൂണിറ്റിന് 'ആശ' പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി 'ആശ' പദ്ധതി പ്രകാരം ടിയാൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ശ്രീമതി.രുഗ്മണി , W/O ആറുമുഖൻ, മൈലാറോഡ്, മുടപ്പല്ലൂർ P.O ആലത്തൂർ താലൂക്ക് പാലക്കാട്-678705

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.

ജനറൽ മാനേജർ, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ഐ &പി.ആർ.ഡി (പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ (IND-K3/36/2024-IND)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 13-03-2024 12:29:26
സെക്ഷൻ ഓഫീസർ